**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2947** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിന് മണ്ണെണ്ണ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗതരീതിയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഭൂരിഭാഗം പരമ്പരാഗത മത്സ്യത്തൊഴിലാളികളും മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന, വള്ളങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള എഞ്ചിനുകളാണ് (ഔട്ട് ബോർഡ് മെഷീനുകൾ) മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നത്. 2015-ലെ ജോയിൻറ് വേരിഫിക്കേഷൻ പ്രകാരം 20,329 എഞ്ചിനുകൾ മത്സ്യബന്ധനത്തിനായി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിച്ച് വരുന്നുണ്ട്. |
| (ബി) | ഇത്തരം യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണ അവരുടെ ആവശ്യം നിറവേറ്റാൻ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്ത് വരുന്നത് ലിറ്ററിന് 25 രൂപ നിരക്കിൽ 10 എച്ച്.പി യിൽ താഴെ വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്ററും, 10 മുതൽ 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്ററും, 15 എച്ച്.പി യ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്ററും എന്ന തോതിൽ പ്രതിമാസം ഓരോ പെർമ്മിറ്റ് ഉടമകൾക്കും മത്സ്യഫെഡിൻറെ മണ്ണെണ്ണ ബങ്കുകൾ വഴി നൽകിവരുന്നു. ഇതു കൂടാതെ വിപണി നിരക്കിൽ 10 എച്ച്.പി വരെ 231 ലിറ്ററും, 15 എച്ച്.പി വരെ 464 ലിറ്ററും, 15 എച്ച്.പി യ്ക്ക് മുകളിൽ 630 ലിറ്ററും വരെ നൽകി വരുന്നു. പ്രതിമാസം ഒരു എഞ്ചിൻ / യാനത്തിന് ഏകദേശം 500 മുതൽ 1000 ലിറ്റർ മണ്ണെണ്ണ (10 എച്ച്.പി - വരെ 500 ലിറ്റർ, 10 എച്ച്.പി മുതൽ 15 എച്ച്.പി വരെ 750 ലിറ്റർ, 15 എച്ച്.പി യിക്ക് മുകളിൽ 1000 ലിറ്റർ) മത്സ്യബന്ധനത്തിനായി ആവശ്യമാണെന്നിരിക്കെ നിലവിലെ സാഹചര്യത്തിൽ ആയതിന് ലഭ്യമാക്കുന്ന മണ്ണെണ്ണ അപര്യാപ്തമാണ്. |
| (സി) | അടിക്കടിയുണ്ടാകുന്ന ഇന്ധന വിലവർദ്ധനവ് പരമ്പരാഗത മത്സ്യബന്ധനം നഷ്ടത്തിലാക്കുന്നു എന്ന പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ